## പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ :502 03.03.2020-ലെ മറുപടിക്ക്

**നെടുമങ്ങാട് മണ്ഡലത്തിൽ റബ്ബർ അധിഷ്ഠിത വ്യവസായ സ്ഥാപനം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി. ദിവാകരൻ | ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| **(എ)** നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ റബ്ബർ അധിഷ്ഠിത വ്യവസായ സ്ഥാപനം ആരംഭിക്കുന്നതിനുള്ള സാധ്യത പഠനം നടത്താൻ ചുമതലപ്പെടുത്തിയിട്ടുള്ള കെ-ബിപ്പ് എന്ന സ്ഥാപനം നാളിതുവരെ പഠനം ആരംഭിച്ചിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | **(എ)** ഉണ്ട് |
| **(ബി)** സാധ്യത പഠനം ആരംഭിക്കുന്നതിന് കാലതാമസം നേരിടുന്നതിനുള്ള കാരണം വ്യക്തമാക്കുമോ; | **(ബി)** സാധ്യത പഠനം നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നതിന് പുറമെ നിന്നും ഒരു വിദഗ്ധ ഏജൻസിയെ തിരഞ്ഞെടുത്ത് അവർ മുഖേനയാണ് വിശദമായ പഠന റിപ്പോർട്ട് തയ്യാറാക്കേണ്ടത് .പ്രസ്തുത പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിന് ആവശ്യമായ തുക 2019-20 വർഷത്തെ ബഡ്ജറ്റിൽ കണ്ടെത്തുന്നതിന് കഴിഞ്ഞിട്ടില്ല |
| **(സി)** കാലതാമസം ഒഴിവാക്കി സാധ്യത പഠനം ആരംഭിക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | **(സി),(ഡി)&(ഇ)** 05/09/2019 തീയതിയിൽ കേരളാ ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷന് നൽകിയ കത്ത് പ്രകാരം 3 മാസത്തിനകം സാധ്യത പഠനം നടത്തുവാനാണ് സർക്കാർ നിർദേശം നൽകിയിരുന്നത്. കാലാവധി ദീർഘിപ്പിച്ചിട്ടില്ല. പഠനം നടത്തുന്നതിന് തുക ആവശ്യമായതിനാൽ 2020-21 വർക്കിംഗ് ഗ്രൂപ്പ് ചേർന്ന് പദ്ധതികൾ അംഗീകരിച്ച് തുക ലഭിച്ച ശേഷം മാത്രമെ എത്ര കാലയളവിനുള്ളിൽ പഠനം പൂർത്തിയാക്കാൻ കഴിയുകയുള്ളൂ എന്ന് വ്യക്തമാക്കാൻ സാധിക്കുകയുള്ളൂ. |
| **(ഡി)** സാധ്യത പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് അനുവദിച്ചിട്ടുള്ള കാലാവധി എന്നാണ് അവസാനിക്കുന്നതെന്നും കാലവധി ദീർഘിപ്പിച്ച് നൽകിയിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ; | |
| **(ഇ)** അനുവദിച്ച കാലവധിക്കുള്ളിൽ റിപ്പോർട്ട് സമർപ്പിക്കാനാവാത്ത സാഹചര്യം നിലവിലുണ്ടോ; വിശദവിവരം നൽകാമോ? | |

**സെക്ഷൻ ഓഫീസർ**